**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5528** **13-08-2021 - ൽ മറുപടിയ്ക്ക്**

**അരുവാക്കോട് കുംഭാര കോളനിയിൽ നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | നിലമ്പൂർ, അരുവാക്കോട് കുംഭാര കോളനിയിൽ പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇല്ല. എന്നാൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന "കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി" പ്രകാരം 2019-20 വർഷം വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അരുവാക്കോട് കോളനിയുടെ വികസനത്തിനായി നിലമ്പൂർ നഗരസഭ മുഖാന്തിരം ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ടി ശുപാർശ പരിഗണിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ നടപടികളുടെ പുരോഗതിയും മതിപ്പ തുകയടക്കമുള്ള വിശദാംശങ്ങളും പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളും നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ബാധകമല്ല. |
| (ഡി) | പദ്ധതിയോടനുബന്ധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോയെന്നും പദ്ധതിയുടെ നിർവ്വഹണം വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ; | (ഡി) | പ്രസ്തുത പദ്ധതി പ്രകാരം അരുവാക്കോട് കോളനി വികസനത്തിനായി പൊതു സ്ഥലം ലഭ്യമായിരുന്നു. ടി കോളനിയിൽ മൺപാത്ര തൊഴിൽ ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം പദ്ധതി മാനദണ്ഡ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിലും കുറവാണ് എന്ന കാരണത്താൽ അപേക്ഷ റദ്ദ് ചെയ്തിട്ടുള്ളതാണ്. |
| (ഇ) | പ്രസ്തുത കോളനിയിൽ എത്ര കുടുംബങ്ങളാണുള്ളതെന്നും എത്ര കുടുംബങ്ങൾ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ; | (ഇ) | ടി കോളനിയിൽ ആകെ 131 കുടുംബങ്ങൾ ഉള്ളതിൽ പരമ്പരാഗത മൺപാത്ര തൊഴിൽ ചെയ്ത് വരുന്ന 20 കുടുംബങ്ങളാണുള്ളത്. |
| (എഫ്) | മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള കുംഭാരൻമാരുടെ ക്ഷേമത്തിനായി സർക്കാർ | (എഫ്) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ വിശദമാക്കാമോ? | | നവീകരിക്കുന്നതിനുള്ള ധനസഹായം, കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഈ മേഖലയിൽ ഉള്ള കളിമൺ പാത്ര നിർമ്മാണ യൂണിറ്റുകളുടെ ആധുനികവൽക്കരണം / പുതിയ യൂണിറ്റുകളുടെ നിർമ്മാണം / ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ മുഖേന കളിമൺ പാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി, കളിമൺപാത്ര വിപണന വായ്പാ പദ്ധതി എന്നീ രണ്ട് വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ